ഗ്രാമന്യായാലയം, അമ്പലപ്പുഴ

ഹാജർ : മിസ്സ്. ആര്യ റാഫി, ന്യായാധികാരി

2023-മാണ്ട് മെയ് മാസം 5-ാം തീയതി

**M.C.17/2022 ലെ C.M.P.542/2022**

ഹർജിക്കാരി : ഹൻസ ഫാത്തിമ, 24 വയസ്, D/o നൌഷാദ്,
പടിഞ്ഞാറെ ഉമ്മപറമ്പിൽ, നീർക്കുന്നം, വണ്ടാനം,
ആലപ്പുഴ, മെഡിക്കൽ കോളേജ്. പി.ഒ,. ആലപ്പുഴ.
(പ്രതിനിധീകരിക്കുന്നത്- അഡ്വ. കെ. നജീബ്)

1908-ലെ സിവിൽ നടപടി ക്രമം, ഓർഡർ 6 ചട്ടം 17 പ്രകാരം ഉള്ള ഹർജി വാദം കേട്ടതിൽ , ഈ കോടതി 05.05.2023-ൽ പുറപ്പെടുവിക്കുന്ന

**ഉത്തരവ്**

1. മേൽ ഹർജി 1908-ലെ സിവിൽ നടപടി ക്രമം, ഓർഡർ VI ചട്ടം 17 പ്രകാരം ബോധിപ്പിച്ചിട്ടുള്ളതാണ്.
2. ഹർജി സംഗതികൾ ചുരുക്കത്തിൽ താഴെ പറയുന്ന വിധമാണ്.

ഹർജിക്കാരിയും ഒന്നാം എതിർകക്ഷിയും ഭാര്യ ഭർത്താക്കന്മാരാണ്. എതിർകക്ഷികളിൽ നിന്നും സ്വർണവും പണവും തിരികെ കിട്ടുന്നതിനും ചിലവിന് കിട്ടുന്നതിനുമാണ് MC 17/2022 ബോധിപ്പിച്ചിട്ടുള്ളത്. കേസ് ഫയൽ ചെയ്യുന്ന സമയം ഹർജിക്കാരി മാത്രമാണ് കക്ഷി ചേർന്നിരുന്നത്. എന്നാൽ ടി സമയം ഹർജിക്കാരി ഗർഭിണി ആയിരുന്നതും, 19.04.2022 ഒരു പെൺകുട്ടി ജനിച്ചിട്ടുള്ളതുമാണ്. ടി സാഹചര്യത്തിൽ കുട്ടിയെ രണ്ടാം ഹാർജിക്കാരിയായി കക്ഷി ചേർത്ത് ഹർജി ഭേതഗതി ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം

ഹർജിക്കാരിക്ക് അപരിഹാര്യമായ കഷ്ടനഷ്ടത്തിനും സങ്കടത്തിനും ഇടവരുത്തുന്നതാണ്. ആയതിലേക്ക് ഉത്തരവാകേണ്ടതാണ്.

3. എതിർകക്ഷികൾക്ക് ടി ഹർജി അനുവദിക്കുന്നതിന് ആക്ഷേപം ഒന്നുമില്ല എന്ന് ബോധിപ്പിച്ചു.

4. ഹർജിക്കാരിയുടെയും ഒന്നാം എതിർകക്ഷിയുടെയും കുഞ്ഞിനെ കേസിൽ കക്ഷി ചേർക്കുന്നതിനായി ഹർജി ഭേദഗതി വരുത്തണോ എന്നുള്ളതാണ് ഈ ഹർജിയിൽ ഉയരുന്ന പോയിന്റ്. **2016 KHC 6400** ൽ റിപോർട്ട് ചെയ്ത **കുനപ്പറെഡ്ഡി@ നൂകല ഷങ്ക ബാലാജി v. കുനപ്പറെഡ്ഡി സ്വർണ കുമാരി and another**,എന്ന കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി ഇപ്രകാരം പറഞ്ഞു, *"It cannot be said that the Court dealing with the application under DV Act has no power and / or jurisdiction to allow the amendment of the said application. If the amendment becomes necessary in view of subsequent events or to avoid multiplicity of litigation, Court will have power to permit such an amendment."*. പ്രസ്തുത കേസിൽ ഹർജിക്കാരിക്ക് ഹർജി സമർപ്പിച്ചതിന് ശേഷമാണ് കുഞ്ഞ് ജനിച്ചത്. ടി കുഞ്ഞിനെ ഹർജിക്കാരിയായി കക്ഷി ചേർക്കേണ്ടത് ഈ കേസിന്റെ തീർപ്പിന് അത്യാവശ്യമാണ്. അതിനാൽ ഹർജിക്കാരിക്ക് അനുകൂലമായി ഹർജി തീരുമാനിച്ചിരിക്കുന്നു. ഉത്തരവ് വന്ന് 7 ദിവസത്തിനകം ഭേദഗതി വരുത്തേണ്ടതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ടൈപ്പ് ചെയ്തു. വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2023 മെയ് മാസം 05 ന് വിധി പറഞ്ഞിട്ടുള്ളതാണ്.)*

*ഒപ്പ്*
ന്യായാധികാരി,
ഗ്രാമന്യായാലയ, അമ്പലപ്പുഴ.

*//ശരി പകർപ്പ്//*

*ഒപ്പ്*
ന്യായാധികാരി,
ഗ്രാമന്യായാലയ, അമ്പലപ്പുഴ.